കയാണ്. അതിന്റെ വെളിച്ചത്തിൽ ഇതിനെപ്പറ്റി പഠിക്കാനും ശാശ്വതമായ പരിഹാരം കാണാനുംവേണ്ടി കെ. എഫ്. സി. യെ ജനങ്ങൾക്ക് പ്രയോജനപ്രദമായ ഒരു സ്ഥാപനമാക്കി വളർത്തിക്കൊണ്ടുവരാനുള്ള റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. വരദരാജൻ നായർ : ഈ റിപ്പോർട്ടുകളെല്ലാം നോക്കിയതിനുശേഷമാണ് കെ. എഫ്. സി. ഉണ്ടാക്കിയത്. പക്ഷേ നിർഭാഗ്യവശാൽ പല കാരണങ്ങളാലും നിരാശപ്പെട്ട അപേക്ഷകർ, ചിലപ്പോൾ വായ്പ കിട്ടാൻ അർഹതയില്ലാത്തവരും അപൂർവ്വം അർഹതപ്പെട്ട ആളുകളും കിട്ടാതാവുന്ന നിരാശയിൽനിന്നും അവർ ആരോപണങ്ങളും ഉന്നയിക്കുന്നു എന്നുള്ളതേ ഉള്ളൂ. വ്യക്തമായ ആരോപണങ്ങളും ശ്രദ്ധയിൽ വരികയും പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികളും സത്വരമായി എടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നതോടൊപ്പംതന്നെ ഈ സ്ഥാപനത്തിൽ അഴിമതി കുറവാണെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

## യൂണിഫോറത്തിനുള്ള തുണി കെട്ടിക്കിടക്കുന്നതായി പരാതി

*582 [620] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്കൂളുകുട്ടികൾക്ക് മിതമായ നിരക്കിൽ യൂണിഫോറം വിതരണം ചെയ്യുവാൻ ഗവൺമെന്റ് സംഭരിച്ച തുണിയിൽ ഒന്നരക്കോടി രൂപയുടെ തുണി കെട്ടിക്കിടക്കുന്നതായി കേട്ട വാർത്ത ശരിയാണോ ;

(ബി) ഇതു നശിച്ചു പോകാതിരിക്കാൻ എന്തു മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഈ തുണി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ) അല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ : സ്കൂളുകളിൽ യൂണിഫോറത്തിനുള്ള തുണി ഗവൺമെന്റിൽനിന്നും വാങ്ങിച്ചുകൊടുക്കുന്ന ഏർപ്പാടുണ്ടോ? ഉണ്ടെങ്കിൽ ഇങ്ങനെ വാങ്ങിച്ച തുണി അനേകം വർഷങ്ങളായി കെട്ടിക്കിടക്കുന്നു എന്നു പറയുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : 1976-77-ൽ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ യൂണിഫോറം കുറഞ്ഞ വിലയ്ക്ക് കൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കി. ആ പദ്ധതി പ്രതീക്ഷിച്ച അത്ര വിജയകരമല്ലെന്നു തോന്നിയതിന്റെ അടിസ്ഥാനത്തിൽ 1977-78-ൽ വിദ്യാഭ്യാസവകുപ്പുമുഖേനയുള്ള തുണിവിതരണം നിർത്തലാക്കുകയും മിച്ചമുണ്ടായിരുന്ന തുണി സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമേഴ്സ് ഫെഡറേഷനേയും ഏൽപ്പിക്കുകയും ചെയ്തു. 28-2-79-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിച്ചുകൊടുത്ത തുണി ഒട്ടും ബാക്കിയില്ല. അത് പ്രളയബാധിത പ്രദേശങ്ങളിലും മറ്റും വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ : ഈ ഇനത്തിൽ ഗവൺമെൻറിന് നഷ്ടം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : നഷ്ടം സംഭവിച്ചിട്ടില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : അന്താരാഷ്ട്ര ശിശുവർഷം പ്രമാണിച്ച് പ്രൈമറി സ്കൂളുകളിലുള്ള പാവപ്പെട്ട കുട്ടികൾക്ക് ഒരുനേരത്തെ ആഹാരം നൽകിയതുപോലെ അവർക്ക് ഒരു ജോടി യൂണിഫോറം നൽകാൻ നടപടി എടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെയൊരു പരിപാടി ഇപ്പോൾ ഗവൺമെൻറിന്റെ മുമ്പിലില്ല.

ശ്രീ. എസ്. തങ്കപ്പൻ പിള്ള : പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി തുണി വിതരണം ചെയ്തെന്ന് ഗവൺമെൻറ് പറഞ്ഞു. ആ നടപടി എന്തായിയെന്നു പറയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെയൊരു പരിപാടി ഉണ്ടായിരുന്നു. കേരളാ സ്റ്റുഡൻറ്സ് വെൽഫെയർ ഫണ്ടിൽനിന്നും 19,52,364 രൂപയുടെ തുണി 19-12-1978 വരെ വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. എസ്തോസ് : ജലപ്രളയം വന്നതുകൊണ്ട് ഈ തുണിയെല്ലാം സൗജന്യമായി കൊടുത്ത് നഷ്ടം ഒഴിവാക്കിയെന്ന് പറഞ്ഞു. ഈ നഷ്ടം സൗജന്യമായി കൊടുത്തതുകൊണ്ട് ഒഴിവാക്കിയെന്നാണോ? ഈ തുണിക്കച്ചവടത്തിനകത്ത് എന്തു മാത്രം നഷ്ടം ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ ഫണ്ടിൽനിന്നും ആണോ മറ്റു ഏതെങ്കിലും ഫണ്ടിൽനിന്നും ആണോ ഈ നഷ്ടം നികത്തിയിട്ടുള്ളത് ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : വിദ്യാഭ്യാസവകുപ്പിൽനിന്നും തുണി വിതരണം ചെയ്യാൻ പദ്ധതി നടപ്പിലാക്കിയിരുന്നു. അത് ഇപ്പോൾ ഇല്ല. ഇപ്പോൾ അതിന്റെ ലാഭനഷ്ടങ്ങളെപ്പറ്റി കണക്കൊക്കിയിട്ടില്ല.

ശ്രീ. ഇ. നാരായണൻ നായർ : സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റും നിർബന്ധിപ്പിച്ച് കൊടുത്ത ഈ തുണി ഇന്ന് പല സഹകരണസംഘങ്ങളിലും കെട്ടിക്കിടന്നു നശിക്കുന്നു എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണസംഘങ്ങളിൽ ഉണ്ടോയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): അവിടെ തുണി ഒട്ടും ബാക്കിയില്ല. എല്ലാം വിതരണം ചെയ്തു കഴിഞ്ഞു.

ശ്രീ. കെ. സുകുമാരനുണ്ണി : അന്താരാഷ്ട്ര ശിശുവർഷത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ പരിപാടി ഇപ്പോൾ ഇല്ലെന്നാണ് പറഞ്ഞത്. അത് വീണ്ടും നടപ്പിലാക്കാൻ സാധിക്കുമോയെന്നാണ് ഞാൻ ചോദിച്ചത്. അവർക്ക് യൂണിഫോറം വിതരണം ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ ഒരു പ്രോത്സാഹനം എന്നുള്ള നിലയ്ക്ക് ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് പത്ത് രൂപയെങ്കിലും വീതം കൊടുക്കുവാൻ നടപടി എടുക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : കേരളാ സ്റ്റുഡൻറ്സ് വെൽഫെയർ ഫണ്ട് മുഖേന പാവപ്പെട്ട കുട്ടികൾക്ക് തുണി വിതരണം



LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നുണ്ട്. ഇതല്ലാതെ വേറെ പരിപാടിയില്ല. ബഡ്ജറ്റിൽ പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നതിനെപ്പറ്റി പറയുന്നതുപോലെ തുണി കൊടുക്കാനുള്ള പരിപാടി ഇല്ലെന്നാണ് പറയുന്നത്.

## അശരണർക്ക് സാമ്പത്തിക സഹായം

*583 [621] ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, കണിയാപുരം രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്ന നിലയിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട അശരണർക്ക് സാമ്പത്തികസഹായം നൽകുന്നുണ്ട് ;

(ബി) ഓരോ വിഭാഗത്തിലും എത്ര പേർക്കുവീതം പെൻഷൻ നൽകുന്നു ;

(സി) ഈ ഇനത്തിൽ ഗവൺമെൻറിന് പ്രതിവർഷം എത്ര തുക ചെലവുവരും ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

അഗതികളായ വൃദ്ധർ, വികലാംഗർ, വിധവകൾ എന്നിവർക്ക് കേരളാ അഗതി പെൻഷൻ പദ്ധതിപ്രകാരം സാമ്പത്തികസഹായം നൽകുന്നുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻവേണ്ടി 500 രൂപ വീതം ഗ്രാൻറ് നൽകുന്നുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. വി. കെ. രാജൻ: നമ്മുടെ സംസ്ഥാനത്ത് മൊത്തം എത്ര പേർക്ക് ഈ സഹായം കൊടുത്തിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിൻെറ കണക്കില്ല. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. നാലുകോടിയിലധികം രൂപയോളം ചെലവാക്കിയിട്ടുണ്ടെന്ന് കണക്കുണ്ട്.

ശ്രീ. എം. കെ. കേശവൻ: ഈ അശരണർക്ക് നൽകുന്ന സാമ്പത്തിക സഹായം എന്നുള്ള വ്യവസ്ഥയിൽ വികലാംഗർക്ക് നൽകുന്ന 500 രൂപ കൊണ്ട് ഒരു തൊഴിൽ കണ്ടുപിടിക്കാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട് ആ തുക അൽപ്പം വർദ്ധിപ്പിച്ചുകൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എം. കെ. കേശവൻ: നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവുകൊണ്ട് ഈ തുകകൊണ്ട് വ്യവസായങ്ങൾ തുടങ്ങിയ ആളുകൾ പലരും മെച്ചപ്പെട്ട നിലയിൽ നടത്താൻ സാധിക്കാതെ നിർത്തിവച്ച് പോയതായുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly